കേരള സർക്കാർ

047327

**സംഗ്രഹം**

സഹകരണ വകുപ്പ് - സഹകരണ അർബൻ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം - ശമ്പള നിർണ്ണയത്തിലെ അപാകത പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സഹകരണ (പാർലമെന്റ്) വകുപ്പ്

സ.ഉ.(കൈ) നം. 41/16/സഹ. തീയതി, തിരുവനന്തപുരം, 22.10.2016

---

പരാമർശം: 1. സ.ഉ(പി) നം. 114/2015/സഹ തീയതി 04.09.2015

2. സ.ഉ(പി) നം. 11/2016/സഹ തീയതി 05.02.2016

3. സഹകരണ സംഘം രജിസ്ട്രാറുടെ 04.05.2016 ലെ ഇ.എം(4)15705/2013 നമ്പർ കത്ത്

4. സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 23.09.2016 ൽ ചേർന്ന അർബൻ സഹകരണ ബാങ്ക് ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുടെ യോഗത്തിന്റെ നടപടിക്കുറിപ്പ്

## ഉത്തരവ്

അർബൻ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം ശമ്പള നിർണ്ണയം നടത്തുമ്പോൾ സ്റ്റാഗ്നേഷൻ വരുന്നതായി നിരവധി പരാതികൾ ലഭിക്കുന്നതായി സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരുന്നു. ഇത്തരം പരാതികൾ പരിഹരിക്കുന്നതിനായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2) പരിഷ്കരിച്ച ശമ്പള സ്കെയിലിൽ ശമ്പളം നിർണ്ണയിക്കുമ്പോൾ പുതിയ സ്കെയിലിന്റെ പരമാവധി തുക അടിസ്ഥാന ശമ്പളമായി വാങ്ങുന്ന ജീവനക്കാർക്ക് അവസാനം വാങ്ങിയ ഇൻക്രിമെന്റ് പ്രതിവർഷം ഒന്ന് എന്ന നിരക്കിൽ പരമാവധി മൂന്ന് സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ അനുവദിക്കാവുന്നതാണ്. അടിസ്ഥാന ശമ്പളം പുതിയ ശമ്പള സ്കെയിലിന്റെ പരമാവധിയേക്കാൾ കൂടി വരുന്ന സന്ദർഭത്തിൽ ശമ്പള സ്കെയിലിന്റെ പരമാവധി തുകയിൽ ശമ്പളം നിർണ്ണയിക്കേണ്ടതും അധികമായി വരുന്ന തുക പേഴ്സണൽ പേ ആയി നിലനിർത്തേണ്ടതുമാണ്. അത് തുടർന്ന് ലഭിക്കുന്ന ഇൻക്രിമെന്റിൽ ലയിപ്പിക്കേണ്ടതില്ല. ഈ പേഴ്സണൽ പേ മറ്റ് എല്ലാ ആനുകൂല്യങ്ങൾക്കും അതായത് പിന്നീടുള്ള ശമ്പളനിർണ്ണയം, ലീവ് സാലറി, ക്ഷാമബത്ത, പെൻഷൻ തുടങ്ങിയവയ്ക്ക് കണക്കാക്കാവുന്നതുമാണ്.

3) പരാമർശം 1, 2 ഉത്തരവുകൾ മേൽ പ്രകാരം ഭേദഗതി വരുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**പി.വേണുഗോപാൽ**
സ്പെഷ്യൽ സെക്രട്ടറി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
2. ശമ്പള പരിഷ്കരണ കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും (ആമുഖ കത്തോടെ)
3. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർക്കും (ജനറൽ/ആഡിറ്റ്)
4. എല്ലാ സഹകരണ അർബൻ ബാങ്കുകൾക്കും (സഹകരണ സംഘം രജിസ്ട്രാർ മുഖേന)
5. ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻ വകുപ്പ്
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Endt. EM(H) 39841/16

മേൽ ഉത്തരവിന്റെ പകർപ്പ്
അറിവിലേക്കും തുടർനടപടികൾക്കുമായി അയക്കുന്നു.

താ.വി
സ.സം. രജിസ്ട്രാർക്ക് വേണ്ടി

1) ജോയിന്റ് രജിസ്ട്രാർ മുഖേന
എല്ലാ അർബൻ സഹകരണ ബാങ്കുകൾക്കും.

2) സഹ.സംഘം രജിസ്ട്രാറുടെ ഔദ്യോഗിക
വെബ്സൈറ്റ്.

11.11.16 11/11/16